# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.572 05-06-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. എൻ. ഷംസുദ്ദീൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രഷറി**

| | | |
|---|---|---|
| (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് റെക്കോർഡ് നിലവാരത്തിലാണ്. ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പദ്ധതി- പദ്ധതിയേതര ചെലവിനങ്ങളുടെ 1 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |
| (ബി) | ട്രഷറി നിയന്ത്രണം മൂലം കരാറുകാരുടെ ബില്ലുകൾ പാസ്സാകാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | |

അക്കൗണ്ട്സ് ഓഫീസർ